# പതിനാലാം കേരള നിയമസഭ
## 11-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3381**

**20.06.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ദേശീയ ഹരിത സേന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.പി.ഉണ്ണി** | | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) | വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനായി പരിസ്ഥിതി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) | സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനും പരിസ്ഥിതിപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ വിവിധ കോളേജുകളിലും, ഹയർസെക്കണ്ടറി സ്കൂളുകളിലും 354 ഭൂമിത്രസേന ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. സ്കൂളുകളിലും കോളേജുകളിലും ഭൂമിത്രസേന ക്ലബ്ബുകൾ ആരംഭിക്കുന്ന തിനായി 25,000/രൂപ വീതവും ഭൂമിത്രസേന ക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തി യതിനു ശേഷം ആവർത്തന മൂലധനമായി 10,000/രൂപയും പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾക്കായി നൽകി വരുന്നു. |
| (ബി) | ദേശീയ ഹരിത സേന എന്ന പദ്ധതിക്കായി 2017-18 വർഷത്തിൽ എത്ര തുക അനുവദിച്ചിരുന്നു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ദേശീയ ഹരിതസേന എന്ന പദ്ധതിക്കായി കേന്ദ്രവനം പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിൽ നിന്നും 1,87,42,500/- രൂപ 2017-18 വർഷത്തിൽ അനുവദിച്ചിരുന്നു.<br>കേന്ദ്രവനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നോഡൽ ഏജൻസിയായി കേരളത്തിലെ 3500 വിദ്യാലയങ്ങളിൽ നടത്തി വരുന്ന ഒരു പരിപാടിയാണ് ദേശീയ ഹരിതസേന — ഇക്കോക്ലബ്ബുകൾ. കുട്ടികളിൽ പാരിസ്ഥിതികാവബോധം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2001ൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. ഓരോ വിദ്യാലയത്തിനും പ്രതിവർഷം ദേശീയ ഹരിതസേനയ്ക്കായി നൽകി വന്നിരുന്ന 2500/-രൂപ 2018-19 സാമ്പത്തിക വർഷത്തിൽ 5000/- രൂപയായി ഉയർത്തിയിട്ടുണ്ട്. |

## പ്രവർത്തനങ്ങൾ 2017-18FY

### 1.ലോകപരിസ്ഥിതി ദിനാഘോഷം

ലോകപരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി June 5 ന വിദ്യാലയങ്ങളിൽ പെയിന്റിങ്, പ്രസംഗം, ക്വിസ് മത്സരങ്ങൾ നടത്തി. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് സെമിനാറുകൾ, എക്സിബിഷൻ, വൃക്ഷത്തൈ വിതരണം മറ്റും വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു. പരിസ്ഥിതി ജാഥ, തെരുവു നാടകങ്ങൾ തുടങ്ങിയവയും സംഘടിപ്പിച്ചു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ 92 വിദ്യാലയങ്ങൾക്ക് ലോകപരിസ്ഥിതി ദിനാഘോഷത്തിനായി പതിനായിരം രൂപ വീതം സാമ്പത്തിക സഹായം നൽകി.

### 2.ഓസോൺ ദിനാചരണം

ഓസോൺ ദിനാചരണത്തിന്റെ ഭാഗമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും, വനം പരിസ്ഥിതി മന്ത്രാലയവും സംയുക്തമായി ദേശീയ ഹരിതസേനയുടെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിൽ പെയിന്റിങ്, slogan writing മത്സരങ്ങൾ നടത്തി. വിദ്യാലയങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒന്നും, രണ്ടും സ്ഥാനം ലഭിച്ച ചിത്രങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലേക്ക് അയയ്ക്കുകയും, വിജയികളെ കേന്ദ്ര ജൂറി അംഗങ്ങൾ തിരഞ്ഞെടുക്കുകയും സമ്മാന വിതരണം നടത്തുകയും ചെയ്യുകയുണ്ടായി. ഓസോൺ ദിനാചരണത്തിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നിന്നും 133 ദേശീയ ഹരിത സേന സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകിയിരുന്നു.

### 3. പ്രകൃതിഖോജ്-പരിസ്ഥിതി ക്വിസ്

കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ദേശീയ ഹരിതസേനയുടെ വിദ്യാർത്ഥികൾക്കായി ഒരു Online Quiz മത്സരം സംഘടിപ്പിക്കുകയുണ്ടായി. ഏകദേശം 1000 ഓളം വിദ്യാർത്ഥികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തിരുന്നു. 5 ഘട്ടങ്ങളിലായിട്ടായിരുന്നു മത്സരം. നവംബർ-ഡിസംബർ മാസങ്ങളിലായിരുന്നു മത്സരം.

### 4. സ്വച്ഛത-ഹി-സേവ

ഒക്ടോബർ 2 ന സ്വച്ഛ് ഭാരതിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിൽ ഒരാഴ്ച നീണ്ടു നിന്ന ശുചീകരണ പ്രവർത്തനങ്ങൾ ദേശീയ ഹരിതസേനയുടെ ആഭിമുഖ്യത്തിൽ നടത്തുകയു

ണ്ടായി. ഇതോടനുബന്ധിച്ച് വിദ്യാലയവും പരിസരവും ശുചിയാക്കുകയും, പൊതു സ്ഥലങ്ങൾ, പൊതു കിണറുകൾ, നദികൾ, കുളങ്ങൾ മുതലായവ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വൃത്തിയാക്കുകയും ചെയ്തു.

5. ജില്ലാതല അദ്ധ്യാപക പരിശീലനം

ദേശീയ ഹരിതസേന – ഇക്കോക്ലബ്ബുകളുടെ ചുമതലയുള്ള അദ്ധ്യാപകർക്കായി എല്ലാ ജില്ലകളിലും, ജില്ലാതല അദ്ധ്യാപക പരിശീലനം 2017-18 വർഷത്തിൽ നടത്തപ്പെടുകയുണ്ടായി.

6. പ്രകൃതി പഠനയാത്ര

ദേശീയഹരിതസേന വിദ്യാലയങ്ങൾ വനം വകുപ്പുമായി ചേർന്ന് പ്രകൃതി പഠനയാത്രകൾ സംഘടിപ്പിച്ചു. ഏകദേശം നൂറോളം വിദ്യാലയങ്ങൾ വിവിധ വന്യജീവി സങ്കേതങ്ങളിലേക്കും, ദേശീയോദ്യാനങ്ങളിലേക്കും പഠനയാത്രകൾ നടത്തി.

സെക്ഷൻ ഓഫീസർ